**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **01-09-2022 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറായിരുന്ന ഡോ. ഷീന കെ. വാസുവിനെ കോവിഡ് പശ്ചാത്തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഒരു വർഷത്തിലധികമായിട്ടും പ്രസ്തുത ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് മാതൃ സ്ഥാപനത്തിൽ തിരികെ നിയമിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയുടെ കോവിഡ് - 19 വാക്സിനേഷൻ ചുമതലക്കാരിയായിട്ടാണ് മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ഷീന.കെ.വാസുവിനെ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത്. ഇനിയും കുട്ടികൾക്കുള്ള വാക്സിനേഷൻ പ്രക്രിയകൾ അവസാനിച്ചിട്ടില്ലാത്തതിനാലും സെപ്റ്റംബർ മാസം 30 വരെ അമൃത് മഹോത്സവ് വാക്സിനേഷൻ നടക്കുന്നതിനാലും ജോലി ക്രമീകരണം തുടരേണ്ട ആവശ്യകത ഉണ്ട് എന്നാണ് തൃശ്ശൂർ ഡി.എം.ഒ അറിയിച്ചിട്ടുള്ളത്. മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു മെഡിക്കൽ ഓഫീസറെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഡോക്ടറുടെ അഭാവം രോഗികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത ഡോക്ടറുടെ ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് തിരികെ മാതൃസ്ഥാപനത്തിൽ നിയമിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | തൃശ്ശൂർ ജില്ലയുടെ കോവിഡ് - 19 വാക്സിനേഷൻ ചുമതലക്കാരിയായിട്ടാണ് മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ഷീന.കെ.വാസുവിനെ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത്. ഇനിയും കുട്ടികൾക്കുള്ള വാക്സിനേഷൻ പ്രക്രിയകൾ അവസാനിച്ചിട്ടില്ലാത്തതിനാലും സെപ്റ്റംബർ മാസം 30 വരെ അമൃത് മഹോത്സവ് വാക്സിനേഷൻ നടക്കുന്നതിനാലും ജോലി ക്രമീകരണം തുടരേണ്ട ആവശ്യകത ഉണ്ട് എന്നാണ് തൃശ്ശൂർ ഡി.എം.ഒ അറിയിച്ചിട്ടുള്ളത്. മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു മെഡിക്കൽ ഓഫീസറെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ